(ഡി)	കോഴിക്കോട്	-	6
	എറണാകുളം	-	17
	തിരുവനന്തപുരം	-	15
(ഇ)	തിരുവനന്തപുരം	-	രൂപ 1092600/-
	എറണാകുളം	-	1099500/-
	കോഴിക്കോട്	-	331944/-
	പ്രതിവർഷമാകെ രൂപ		2524044/-

61 (3386) കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ്

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കണ്ണൂരിലെ പ്രധാനപ്പെട്ട വ്യാപാരകേന്ദ്രമായതിനാൽ നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സിന്റെ മുറികൾ വാടകയ്ക്കെടുക്കാൻ ധാരാളം പേർ താൽപ്പര്യം പ്രകടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഷോപ്പിംഗ് കോംപ്ലക്സ് പണിയാൻ എസ്റ്റിമേറ്റ് പ്രകാരം എത്ര തുക വേണം;

(ഇ) ഈ തുക അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 6-8-97-ൽ കൂടിയ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനാവശ്യമായ പണം സ്വരൂപിക്കുന്നതിനായി നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സിലെ 24 കടമുറികൾ 9-3-98-ൽ ലേലം ചെയ്തു. 20 കടമുറികൾക്കുള്ള പലിശ രഹിത ഡെപ്പോസിറ്റുകൾ നിശ്ചയിച്ചുറപ്പിച്ചു ലേലം കൊണ്ടവരിൽനിന്നും പ്രസ്തുത തുക മൂന്നു തുല്യ ഗഡുക്കളായി ഈടാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ആദ്യഗഡു സമാഹരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സിൽ ആദ്യഘട്ട പണികൾക്കുള്ള കരാർ ഉറപ്പിക്കുകയും പ്രാഥമിക ജോലികൾ ആരംഭിക്കുകയും ചെയ്തു. സൈറ്റ് എഞ്ചിനീയേഴ്സിന്റെ നിയമനം പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആദ്യഘട്ടമായ ഒന്നാംനിലയുടെ മതിപ്പ് ചെലവ് ഒരുകോടി പന്ത്രണ്ടുലക്ഷം രൂപയാണ്.

(ഇ) കടമുറികൾ ലേലം ചെയ്ത് കരാർ ഉറപ്പിക്കുന്നവരിൽ നിന്നും പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റുകളായി തുക സമാഹരിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്.

62 (3387) കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പിംഗ് കോംപ്ലക്സുകൾ

ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ : താഴെക്കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുന്നതിനാവശ്യമായ പണം എങ്ങനെ സ്വരൂപിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ലേലം ചെയ്ത് പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റുകളായി പണം സമാഹരിച്ച് നിർമ്മാണം പൂർത്തിയാക്കുവാനാണുദ്ദേശിക്കുന്നത്.

63 (3388) എം.എൽ.എ. നിർദ്ദേശിക്കുന്ന റൂട്ടിൽ ബസ്സ് സർവീസ്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു എം.എൽ.എ.യ്ക്ക് ഒരു മണ്ഡലത്തിൽ നിർദ്ദേശിക്കുന്ന റൂട്ടിൽ ഒരു ബസ്സ് സർവ്വീസ് ആരംഭിക്കും എന്ന് നിയമസഭയിൽ പറഞ്ഞിരുന്ന കാര്യം കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ പ്രസ്തുത ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കുന്നത്തുനാട് എം.എൽ.എ. ആവശ്യപ്പെട്ടപ്രകാരം പ്രസ്തുത മണ്ഡലത്തിൽ ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

64 (3389) പുതിയ ബസ്സ് സർവ്വീസ്

ശ്രീ. സി. മൊയിൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly